(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതീക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് ടി പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. ഇതിനു പുറമേ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്.

(സി) സ്നേഹസ്പർശം പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും മറ്റ് പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുമാണ് നടപ്പിലാക്കുന്നത്.

(ഡി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസത്തിന്റെ ഭാഗമായി 700 പേർക്ക് ജീവനോപാധികൾ അനുവദിക്കുകയും 2 പേർക്ക് വീട് റിപ്പയറിനും 236 പേർക്ക് ഭവനനിർമ്മാണത്തിനും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

ആദിവാസി ക്ഷേമസമിതി ഉന്നയിച്ച ആവശ്യങ്ങൾ

258 (3415) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹജ്ജ് കാര്യവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശനിയമം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ആദിവാസിക്ഷേമ സമിതിയുടെ നേതൃത്വത്തിൽ 2014-ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധസമരം എത്രദിവസം നീണ്ടുനിന്നുവെന്നും എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ട് വച്ചതെന്നും വിശദമാക്കാമോ;

(സി) സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടപ്പോൾ സമരക്കാരുടെ ആവശ്യങ്ങളെല്ലാം അംഗീകരിക്കപ്പെടുകയുണ്ടായോ; ആവശ്യങ്ങൾ മുഴുവൻ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്ത ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വനഭൂമിയിൽ ആദിവാസികൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ 2014-ൽ നടത്തിയ വയനാട് കളക്ടറേറ്റ് ഉപരോധ സമരം രണ്ട് ദിവസം (1-9-2014, 2-9-2014) നീണ്ടുനിന്നു. സമരക്കാർ മുന്നോട്ടുവച്ചത് താഴെപറയുന്ന ആവശ്യങ്ങളാണ്.

1. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുക
2. ഭവനരഹിതർക്ക് വീട് നൽകുക
3. വനാവകാശ നിയമപ്രകാരം വനഭൂമി കൈവശമുള്ളവർക്ക് കൈവശ രേഖ നൽകുക.
4. ആദിവാസികളുടെ കടങ്ങൾ എഴുതിത്തള്ളുക.
5. 10-ാം ക്ലാസ്സ് വിജയിച്ച എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും +1 ന് പ്രവേശനം നൽകുക.

(സി) 2-9-2014-ൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് സമരം അവസാനിപ്പിച്ചത്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- ടി.ആർ.ഡി.എം. മുഖേന വയനാട് ജില്ലയിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് നൽകിയ 50 കോടി രൂപ ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതി പുരോഗമിക്കുന്നു.
- ഭവനരഹിതർക്ക് വീട് നൽകുന്നതിന് ഹഡ്കോ, എ.റ്റി.എസ്.പി., ജനറൽ ഹൗസിംഗ് എന്നീ ഭവന നിർമ്മാണ പദ്ധതികളിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- വനഭൂമി കൈവശമുള്ളവർക്ക് വനാവകാശ നിയമ പ്രകാരമുള്ള കൈവശ രേഖ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- കടങ്ങൾ എഴുതിത്തള്ളുന്നതിന് ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ശേഖരിക്കുകയും പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലുമാണ്.
- പ്ലസ് വൺ ക്ലാസ് പ്രവേശനത്തിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് താലൂക്കുകളിലും സ്പെഷ്യൽ ക്യാമ്പുകൾ നടത്തി +1 അഡ്മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ആവശ്യങ്ങളിൻമേലും നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ

259 (3417) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും കായികാവകാശങ്ങളും ന്യൂനപക്ഷങ്ങളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അറിയിക്കുമോ ;

(സി) വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. ചികിത്സാ ധനസഹായം
2. ഭക്ഷ്യസഹായ പദ്ധതി
3. ഭവന നിർമ്മാണം
4. വിവാഹ ധനസഹായം
5. അതിക്രമങ്ങൾക്കിരയാകുന്നവരുടെ പുനരധിവാസം
6. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ
7. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം
8. എസ്.സി.എ. ടു ടി.എസ്.പി.
9. പുര കെട്ടി മേയൽ
10. കൈത്താങ്ങ്

LIBRARY ARCHIVES Kerala Legislative Assembly